## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കളമശ്ശേരി നഗരസഭ – ടൗൺഹാൾ നവീകരണ പ്രവൃത്തിയുടെ വൈദ്യുതീകരണത്തിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 18,00,000/- (പതിനെട്ട് ലക്ഷം) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 2515/13/തസ്വഭവ തിരുവനന്തപുരം, തീയതി: 10/10/2013.

==========================================================================

പരാമർശം:-1) സ.ഉ (എം.എസ്)നം.147/2009/തസ്വഭവ തീയതി 29.07.2009.

2) കളമശ്ശേരി നഗരസഭയുടെ 29.05.2013-ലെ 30-)o നമ്പർ കൗൺസിൽ തീരുമാനവും 30.07.2013-ലെ 47-)o നമ്പർ കൗൺസിൽ തീരുമാനവും

3) കളമശ്ശേരി നഗരസഭ ചെയർമാന്റെ 19.08.2013-ലെ PW -3670/13 നമ്പർ കത്ത്.

4) കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 05.07.2013-ലെ കെ.യു.ആർ.ഡി.എഫ്.സി/യു.എൽ.ബി/361/2013 നമ്പർ കത്ത്.

5) നഗരകാര്യ ഡയറക്ടറുടെ 02.09.2013-ലെ DC3/3758/2013 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കളമശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാളിന്റെ നവീകരണ പ്രവൃത്തിയുടെ വൈദ്യുതീകരണത്തിനായി 18,00,000/- (പതിനെട്ട് ലക്ഷം) രൂപ കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം (3) പ്രകാരം നഗരസഭാ ചെയർമാൻ സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി 18,00,000/- (പതിനെട്ട് ലക്ഷം) രൂപ അനുവദിയ്ക്കുന്നതിനുള്ള സമ്മതപത്രം പരാമർശം (4) പ്രകാരം കെ.യു.ആർ.ഡി.എഫ്.സിയുടെ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കളമശ്ശേരി നഗരസഭയുടെ ടൗൺഹാൾ നവീകരണ പ്രവൃത്തിയുടെ വൈദ്യുതീകരണത്തിനായി തൃക്കാക്കര നോർത്ത് വില്ലേജിലെ ബ്ലോക്ക് നം.5-ൽ റീസർവ്വെ നം. 828/5-ൽ ഉൾപ്പെട്ടതായ സ്ഥലം ജാമ്യമായി നൽകിക്കൊണ്ട്, പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി

കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 12% പലിശ നിരക്കിൽ 18,00,000/- (പതിനെട്ട് ലക്ഷം) രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം കളമശ്ശേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/ചെയർമാൻ, കളമശ്ശേരി നഗരസഭ, ~~കോട്ടയം.~~ എറണാകുളം
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Fousad N.P

സെക്ഷൻ ഓഫീസർ